സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ശ്രീ. സി.എൻ. രാമൻ –നെ കമ്മീഷണർ കേഡറിലേക്ക് പ്രൊമോട്ട് ചെയ്ത് ദേവസ്വം കമ്മീഷണർ ആയി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 01/2018/Est-I (i)** നന്തൻകോട്, **12/12/2023**

---

പരാമർശം :– 1) 10–07–2023 ലെ ROC 01/2018/Est-1 നമ്പർ ഉത്തരവ്.
2) ദേവസ്വം കമ്മീഷണറുടെ 11–07–2023 ലെ തീയതിയിലെ ROC 6528/21/Est-A നമ്പർ റിപ്പോർട്ട്.
3) 12–07–2023 ലെ ROC 01/2018/Est-1 നമ്പർ ഉത്തരവ്.
4) അഡ്വ. ജി. ബിജുവിന്റെ 13–07–2023 ലെ കത്ത്.
5) 12–07–2023 ലെ ROC 01/2018/Est-1 നമ്പർ കത്ത്
6) 25–08–2023 ലെ ROC 245/09/Est-1/DPC നമ്പർ ഉത്തരവ്.
7) സ്പെഷ്യൽ സെക്രട്ടറിയുടെ 27–10–2023 ലെ DEV-A3/50/2023-REV-Part(1) നമ്പർ കത്ത്.
8) SLP No 8254-8255/2019 നമ്പർ കേസ്സിന്മേലുള്ള 08–12–2023 ലെ ഉത്തരവ്.
9) അഡ്വ. പി.എസ്. സുധീറിന്റെ 11–12–2023 ലെ കത്ത്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് തിരുവിതാംകൂർ–കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് പ്രകാരം ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ അഡീഷണൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ദേവസ്വം കമ്മീഷണർ ആയി അന്യത്രസേവന വ്യവസ്ഥയിൽ നിയോഗിച്ച് വന്നിരുന്നു.

ദേവസ്വം കമ്മീഷണർ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ SLP No 8254-8255/2019 നമ്പരായി കേസ്സ് നിലവിലുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 20–06–2022 മുതൽ പ്രാബല്യത്തിൽ Travancore Devaswom Board Officers' & Servants' Service Rules 2022, നിലവിൽ വന്നിട്ടുള്ളതും ദേവസ്വം കമ്മീഷണർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള യോഗ്യതകൾ പ്രതിപാദിച്ചിട്ടുള്ളതുമാണ്.

ആയതുപ്രകാരം നിലവിലുള്ള ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരിൽ നിന്നും നിയമം അനുശാസിക്കുന്ന വിധത്തിലുള്ള യോഗ്യതയുള്ളവരും അർഹതപ്പെട്ടവരുമായ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരുടെ വിശദവിവരങ്ങൾ ലഭ്യമാക്കുന്നതിന് ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകി (പരാമർശം -1).

സർവ്വീസ് റൂളിലെ ചട്ടം 6(1) പ്രകാരമുള്ള യോഗ്യത ബോർഡ് തലത്തിലാണ് പരിശോധിക്കേണ്ടതെന്നും മാത്രമല്ല SLP (C) No 8254-8255/2019 എന്ന അപ്പീലിൽ പുറപ്പെടുവിച്ചിട്ടുള്ള 08-04-2019 ലെ ഉത്തരവ് പ്രകാരം ദേവസ്വം കമ്മീഷണറുടെ നിയമന കാര്യത്തിൽ തൽസ്ഥിതി തുടരുന്നതിനുള്ള വിധി നിലനിൽക്കുന്നതിനാൽ നിയമ വിഭാഗത്തിന്റെ അഭിപ്രായം കൂടി തേടേണ്ടതാണെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ദേവസ്വം കമ്മീഷണറുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള വിധിന്യായങ്ങൾ കൂടി പരിശോധിച്ച് ദേവസ്വം കമ്മീഷണറുടെ നിയമനം സംബന്ധിച്ച് ലീഗൽ ഒപ്പീനിയൻ ലഭ്യമാക്കുന്നതിന് സ്റ്റാന്റിംഗ് കൗൺസിൽ അഡ്വ. ജി. ബിജുവിനെ ചുമതലപ്പെടുത്തി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു (പരാമർശം -3).

Travancore Cochin Hindu Religious Act 1950 അനുസരിച്ച് യോഗ്യതയുള്ള ഡെപ്യൂട്ടി ദേവസ്വം കമ്മീഷറെ ദേവസ്വം കമ്മീഷണർ ആയി നിയമിക്കുന്നതിനുള്ള അധികാരം ബോർഡിൽ നിക്ഷിപ്തമാണെന്നും കമ്മീഷണർ നിയമനം സംബന്ധിച്ച ചട്ടങ്ങൾ ഫൈനലൈസ് ചെയ്തിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ട് ബഹു: സുപ്രീകോടതി മുൻപാകെ കേസ്സ് പെന്റിംഗിലുള്ളതിനാൽ ആയതുകൂടി പരിഗണിക്കേണ്ടതാണെന്നും സ്റ്റാന്റിംഗ് കൗൺസിൽ അഭിപ്രായപ്പെട്ടു (പരാമർശം -4).

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലെ ശ്രീ. സി.എൻ. രാമൻ സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത കരസ്ഥമാക്കിയിട്ടുള്ളതിനാൽ ടിയാനെ ദേവസ്വം കമ്മീഷണർ തസ്തികയിലേക്ക് പരിഗണിക്കുന്നതിന് ബോർഡ് തീരുമാനിക്കുകയും ദേവസ്വം കമ്മീഷണർ നിയമനത്തിന് സ്പെഷ്യൽ റൂൾസിൽ അനുശാസിക്കും പ്രകാരമുള്ള മറ്റ് മാനദണ്ഡങ്ങളായ സ്റ്റേറ്റ് വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കുന്നതിന് സർക്കാരിലേക്ക് പരാമർശം 5 ആയി കത്ത് നൽകുകയും വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് കത്ത് നൽകുകയും ചെയ്തു.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ശ്രീ. സി.എൻ. രാമൻ -നെ ദേവസ്വം കമ്മീഷണർ കേഡറിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് 24-08-2023 ൽ ചേർന്ന വകുപ്പുതല

പ്രൊമോഷൻ കമ്മിറ്റി തീരുമാനിക്കുകയും ടി സെലക്ട് ലിസ്റ്റ് അംഗീകരിച്ച് ബോർഡുത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു (പരാമർശം -6).

സ്റ്റേറ്റ് വിജിലൻസിന്റെ ക്ലിയറൻസ് സംബന്ധിച്ച് ടിയാനെതിരെ സംസ്ഥാന വിജിലൻസ് വകുപ്പിൽ വിജിലൻസ് കേസ്സ്/വിജിലൻസ് അന്വേഷണം എന്നിവ നിലവിലില്ലെന്ന് വിവരിച്ച് സർക്കാരിൽനിന്നും കത്ത് ലഭിച്ചു (പരാമർശം -7).

തുടർന്ന് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ശ്രീ. സി.എൻ. രാമൻ -നെ ദേവസ്വം കമ്മീഷണർ ആയി പരിഗണിക്കുന്നതിന് ബഹു: സുപ്രീംകോടതിയുടെ അനുമതി ലഭ്യമാക്കാൻ നിയമ വിഭാഗത്തെ ചുമതലപ്പെടുത്തി.

ദേവസ്വം കമ്മീഷണർ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിലവിലുണ്ടായിരുന്ന SLP No 8254-8255/2019 നമ്പർ കേസിൽ ടിയാനെ നിയമിക്കുന്നതിനുള്ള അനുവാദത്തിനായി പെറ്റീഷൻ ഫയൽ ചെയ്തതിന്മേൽ ലഭിച്ച വിധിന്യായത്തിൽ ദേവസ്വം കമ്മീഷണർ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിലവിലുണ്ടായിരുന്ന SLP dispose ചെയ്ത് ഉത്തരവ് ലഭിച്ചു (പരാമർശം -8).

Travancore Cochin Hindu Religious Act 1950 അനുസരിച്ച് ബോർഡിന് ദേവസ്വം കമ്മീഷണർ തസ്തികയിലേയ്ക്ക് ബോർഡിലെ ഉദ്യോഗസ്ഥനെ നിയമിക്കാമെന്ന് നിയമോപദേശം ലഭിച്ചിട്ടുള്ളതാണ് (പരാമർശം -9).

ടി വിഷയം ബോർഡ് വിശദമായി പരിശോധിച്ചു.

ദേവസ്വം കമ്മീഷണറുടെ നിയമനം സംബന്ധിച്ച് തിരുവിതാംകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് സെക്ഷൻ 13 B യിൽ "The Board shall appoint an officer not below the rank of a Deputy Commissioner who is eligible to be promoted as Devaswom Commissioner, and in the absence of such officer, an officer not below the rank of an Additional Secretary to Government on deputation, as Devaswom Commissioner" എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതും സ്പെഷ്യൽ റൂൾസിൽ ദേവസ്വം കമ്മീഷണർ തസ്തികയിലേക്ക് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിൽ നിന്നും പ്രൊമോഷൻ നൽകുന്നതിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ശ്രീ. സി.എൻ. രാമൻ -ന് ലഭ്യമായിട്ടുള്ളതായും ബോർഡ് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ

ഫിനാൻസ് ഇൻസ്പെക്ഷൻ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ശ്രീ. സി.എൻ.രാമൻ –നെ കമ്മീഷണർ കേഡറിലേക്ക് സ്ഥാനക്കയറ്റം നൽകി ദേവസ്വം കമ്മീഷണർ ആയി നിയോഗിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്

സെക്രട്ടറി

ശ്രീ. സി.എൻ. രാമൻ,
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(ഫിനാൻസ് ഇൻസ്പെക്ഷൻ)

പകർപ്പ് :-

1. ബഹു: തിരുവിതാംകൂർ–കൊച്ചിൻ ദേവസ്വം ബോർഡ് ഓബുഡ്സ്മാന്റെ സെക്രട്ടറിയ്ക്ക് – ആമുഖ കത്ത് സഹിതം
2. അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്, കേരള സർക്കാർ – ആമുഖ കത്ത് സഹിതം
3. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
4. എല്ലാ സ്റ്റാന്റിംഗ് കൗൺസിലർമാർക്കും
5. ഐ.റ്റി. ഡിവിഷൻ
6. മിനിറ്റ്സ് സെക്ഷൻ
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK